**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കേന്ദ്രമാക്കി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | കായിക യുവജനകാര്യാലയത്തിന് കീഴിൽ കാഞ്ഞങ്ങാട് ചായ്യോത്ത് ജി.എച്ച്.എസ്.എസിൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് 2019-20 കാലഘട്ടത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യ ഡയറക്ടർ 2021-ൽ ലഭ്യമാക്കിയ ശുപാർശ സർക്കാർ പരിശോധിക്കുകയും സ്പോർട്സ് ഡിവിഷൻ തുടങ്ങുന്നത് അധിക ബാദ്ധ്യത വരുത്തുമെന്നതിനാൽ ടി പ്രപ്പോസൽ സർക്കാർ നിരസിക്കുകയും ചെയ്തു. തുടർന്ന് സ്പോർട്സ് ഡിവിഷന് പകരമായി സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് 16.02.2023 തീയതിയിൽ എം എൽ എ യുടെ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും തുടർന്ന് നടന്ന മീറ്റിംഗിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിർദ്ദേശം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ